**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1289** **07-10-2021 - ൽ മറുപടിയ്ക്ക്**

**വിദ്യാഭ്യാസം മെച്ചപ്പെടുത്താൻ സ്വീകരിച്ചു വരുന്ന നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി,<br>ശ്രീ. കെ.പി.മോഹനൻ | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിന്റെ പൊതുവിദ്യാഭ്യാസ പുരോഗതിക്കായി സർക്കാർ സ്വീകരിച്ചു വരുന്ന നടപടികൾ വ്യക്തമാക്കുമോ ; | (എ) | പൊതുവിദ്യാഭ്യാസ മേഖലയുടെ സമഗ്രപുരോഗതിക്കായുള്ള ഭൗതിക, അക്കാദമിക വികസനം ഉറപ്പ് വരുത്തുന്നതിനുള്ള നിരവധി പ്രവർത്തനങ്ങളാണ് സർക്കാർ നടത്തി വരുന്നത് പൊതുവിദ്യാലയങ്ങൾക്കെല്ലാം ആധുനി കമായ പശ്ചാത്തല സൗകര്യം (ക്ലാസ് മുറികൾ, ചുറ്റുമതിലുകൾ, ടോയ് ലെറ്റുകൾ, ലാബുകൾ, ലൈബ്രറി, മനോഹരമായ സ്കൂൾ പരിസരം) ഒരുങ്ങി വരുന്നു. ആധുനിക സാങ്കേതിക വിദ്യയുടെ സാധ്യത പ്രയോജനപ്പെടുന്ന പാഠ്യപദ്ധതി വിനിമയം ഫലപ്രദമാകുന്നതിനുള്ള സ്കൂൾ ക്ലാസ്സുകൾ സജ്ജമാക്കി. പുതിയ കാലത്തിനനുസരിച്ച് പാഠ്യപദ്ധതി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.. അധ്യാപക ശാക്തീകരണത്തിനുള്ള നൂതന പരിശീലന പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. എസ്.സി. ഇ.ആർ.ടി നടത്തുന്ന 6 മാസം ദൈർഘ്യമുള്ള അധ്യാപക പരി വർത്തന പരിപാടി ഇതിന് ഉദാഹരണമാണ്. കുട്ടികളെ സമഗ്രവും നിരന്തരവുമായി വിലയിരുത്തു ന്നതിനുള്ള 'സഹിതം' പോലുള്ള പോർട്ടൽ വികസിപ്പിച്ച് തുടർ പ്രവർത്തനങ്ങൾ നടന്നു വരുന്നു. ഓരോ കുട്ടിയുടെയും അഭിരുചിക്കും കഴിവിനും അനുസരിച്ച് പഠനാനുഭവങ്ങൾ ഉറപ്പാക്കുന്നതിനുള്ള വ്യക്തിഗത മാസ്റ്റർ പ്ലാൻ പോലുള്ള സംവിധാനം നടപ്പിലാക്കുന്നു. ഭിന്നശേഷി വിദ്യാർ ത്ഥികൾക്കുള്ള മുദ്രികാപാഠം, ശ്രുതിപാഠം, തേൻകൂട്, വൈറ്റ് ബോർഡ് തുടങ്ങിയ പദ്ധതികളും നടപ്പിലാക്കി വരുന്നു. കോവിഡിന്റെ പശ്ചാത്തലത്തിലും മുഴവൻ കുട്ടികളെയും ചേർത്ത് പിടിച്ചു കൊണ്ടുള്ള ഡിജിറ്റൽ ക്ലാസ്സുകൾ ഈ വർഷവും തുടരുകയാണ്. അതുപോലെ കുട്ടികൾക്ക് സ്വന്തം അധ്യാപകരുമായി നേരിട്ട് |

സംവദിക്കുന്നതിനായി ജിസ്യൂട്ട് എന്ന ഓൺലൈൻ പ്ലാറ്റ്ഫോം വികസിപ്പിച്ചിട്ടുണ്ട്. ഘട്ടം ഘട്ടമായി മുഴുവൻ കുട്ടികൾക്കും ഇതുകൂടി ലഭ്യമാക്കുന്നതിനുള്ള ശ്രമം തുടരുന്നു. കുട്ടികൾക്ക് പഠന പിന്തുണ ഉറപ്പാക്കുന്നതിന്റെ ഭാഗമായി ഒഴിവുള്ള തസ്തികകളിലേയ്ക്ക് 7500 ൽ അധികം അധ്യാപകരെ പുതിയതായി നിയമിച്ചിട്ടുണ്ട്. അക്കാദമിക ഗുണ മേന്മയ്ക്കായി എസ്.സി.ഇ.ആർ.ടി യുടെയും സമഗ്ര ശിക്ഷാ കേരളയുടെയും നേതൃത്വത്തിൽ വിവിധങ്ങളായ പ്രവർത്തനങ്ങൾ നടന്നു വരുന്നു. നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ പൊതു വിദ്യാലയങ്ങളെ ജനകീയ പങ്കാളിത്തത്തോടെ സംരക്ഷി ക്കുകയും ഏറ്റവും മികച്ച വിദ്യാലയങ്ങളായി മാറ്റിയെടു ക്കുകയും ചെയ്യുന്നു. ഗുണമേന്മാ വിദ്യാഭ്യാസം കുട്ടിയുടെ അവകാശം എന്ന കാഴ്ചപ്പാടിനനുസൃതമായി ഏറ്റവും മികച്ച അക്കാദമിക അന്തരീക്ഷവും അക്കാദമിക പ്രവർത്തനങ്ങളുമാണ് നടപ്പിലാക്കിയത്. കേരളത്തിലെ മുഴുവൻ വിദ്യാലയങ്ങളിലും അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കി, അതനുസരിച്ച് പ്രവർത്തന പദ്ധതി രൂപകൽപന ചെയ്തു. സ്കൂൾ വിദ്യാഭ്യാസ ത്തിന്റെ പൊതുഗുണത വികസിപ്പിക്കുന്നതിന്റെ ഭാഗമായി ഓരോ കുട്ടിയുടേയും സമഗ്രവികാസം ലക്ഷ്യം വച്ച് പ്രവർത്തനങ്ങൾ ആവിഷ്കരിച്ചു. അതിന്റെ ഭാഗമായി പഠന പിന്തുണ ആവശ്യമുള്ള വർക്കും, പഠനത്തിൽ മികവ് പുലർത്തുന്നവരെ മികവിലേക്കെത്തിക്കുന്നതിനും വൈവി ധ്യമാർന്ന അക്കാദമിക പദ്ധതികൾ ആവിഷ്കരിച്ചു. ഭാഷാ വികാസ ത്തിനായി പഠനപിന്തുണ ആവശ്യമുള്ള കുട്ടികൾക്കായി മലയാളത്തിളക്കം, ഹലോ ഇംഗ്ലീഷ്, സുരീലി ഹിന്ദി തുടങ്ങിയ പ്രവർത്തനങ്ങൾ, ഗണിത ശാസ്ത്രം, സാമൂഹ്യ ശാസ്ത്രം, ശാസ്ത്രം, കലാകായികം തുടങ്ങി എല്ലാ മേഖലകളിലും സർവ്വതല സ്പർശിയായ പ്രവർത്തനങ്ങൾ നടത്തി. കുട്ടികളെ അക്കാദമികമായി സഹായിക്കാനും അവർക്കുണ്ടാകുന്ന വ്യക്തിപരമായ പ്രശ്നങ്ങളടക്കം മനസ്സിലാക്കി പരിഹരിക്കാനും സഹായകമായ 'മെന്ററിങ് പദ്ധതി' ആവിഷ്കരിക്കുകയും അതിനായി സഹിതം ഡിജിറ്റൽ പോർട്ടൽ വികസിപ്പിക്കുകയും ചെയ്തു. സ്കൂളുകളുടെ അടിസ്ഥാനസൗകര്യ വികസനത്തിനായി കിഫ്ബി ഫണ്ടിലുൾപ്പെടുത്തി 141 സ്കൂളുകൾക്ക് 5കോടിരൂപ വീതവും 386 സ്കൂളുകൾക്ക് 3 കോടി രൂപവീതവും 446 സ്കൂളുകൾക്ക് 1 കോടി രൂപവീതവും എയ്ഡഡ് വിദ്യാലയങ്ങൾക്ക് ചാലഞ്ച് ഫണ്ടും 59 വിദ്യാലയങ്ങൾക്ക് നബാർഡ്

| | | | |
|---|---|---|---|
| | | | സ്കീമിൽ 104 കോടിയും പ്ലാൻ ഫണ്ടിലൂടെ 1100 ഓളം വിദ്യാലയങ്ങളിൽ ഭൗതിക സൗകര്യ വികസനത്തിനും നടപടി സ്വീകരിച്ചു. കൂടാതെ SSK, തദ്ദേശ സ്ഥാപനങ്ങളുടെ ഫണ്ട്, ജനപ്രതി നിധികളുടെ ആസ്തി വികസന ഫണ്ട്, പൂർവ്വ വിദ്യാർത്ഥി ഫണ്ട് തുടങ്ങിയവ ഭൗതിക സൗകര്യ വികസനത്തിനായി പ്രയോജനപ്പെടുത്തി. 5 കോടി കിഫ്ബി ഫണ്ടിലുൾപ്പെട്ട 120 സ്കൂൾ കെട്ടിട ങ്ങളും 3 കോടി കിഫ്ബി ഫണ്ടിലുൾപ്പെട്ട 96സ്കൂളുകൾ കെട്ടിടങ്ങളും നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം ചെയ്തു. ശേഷിക്കുന്ന സ്കൂളുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലാണ്. |
| (ബി) | പ്രാഥമിക വിദ്യാലയങ്ങളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്താൻ കൂടുതൽ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (ബി) | പൊതുവിദ്യാലയങ്ങളുടെ ഭൗതിക സാഹചര്യം വികസനം പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി നടന്നു വരുന്നു. ഇതിലൊന്നുംപെടാത്ത പ്രൈമറി വിദ്യാലയങ്ങൾ ഉണ്ടെങ്കിൽ അവയെ ഒരു പഠനത്തിലൂടെ കണ്ടെത്തി പ്രശ്ന പരിഹാരത്തിനായുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നതാണ്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി 1000 കുട്ടികളിൽ കൂടുതൽ പഠിക്കുന്ന വിദ്യാലയങ്ങൾക്ക് 3 കോടിയും 500 നും 1000 നും ഇടയിൽ കുട്ടികൾ പഠിക്കുന്ന വിദ്യാലയങ്ങൾക്ക് 1കോടി രൂപയും കിഫ്ബി ധനസഹായത്തോടെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഇനിയും ഭൗതിക സാഹചര്യം മെച്ചപ്പെടുത്തേണ്ട പ്രാഥമിക വിദ്യാലയങ്ങൾക്ക് ഇത് സംബന്ധിച്ച പ്രൊപ്പോസലുകൾ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിക്കാവുന്നതും കിഫ്ബി ഫണ്ട്/പ്ലാൻ ഫണ്ട്/ തീരദേശ വികസന ഫണ്ട് / എസ്.എസ്.കെ ഫണ്ട് എന്നിവയുടെ സാധ്യതകൾ പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കാൻ കഴിയുന്നതുമാണ്. ഇതു കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട്/എം.എൽ.എ ഫണ്ട് എന്നിവയും ഇതിനായി ഉപയോഗപ്പെടുത്താവുന്നതാണ്. |

സെക്ഷൻ ഓഫീസർ